ഗ്രാമവികസന വകുപ്പ് കട്ടനാട്ടിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ

27 (2855) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് കട്ടനാട്ടിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

നഗരങ്ങളിലെ സൗകര്യങ്ങൾ

28 (2856) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിലും ഉണ്ടാക്കി കൊടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നഗര-ഗ്രാമ ആസൂത്രണവകുപ്പ് മലപ്പുറം ജില്ലയിൽ ഒരു മാതൃകാ പദ്ധതി തയ്യാറാക്കിയിരുന്നോ; വിശദാംശങ്ങൾ നല്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നഗര സൗകര്യങ്ങൾ ഗ്രാമീണ മേഖലയിൽ പ്രദാനം ചെയ്യുന്നതിന് വേണ്ടി 2012-ൽ കേന്ദ്രഗ്രാമവികസന മന്ത്രാലയം 'പൂര' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. പൂര പദ്ധതിക്കായി കേരളത്തിൽ മലപ്പുറം ജില്ലയിലെ തിരുരങ്ങാടി, തൃശ്ശൂർ ജില്ലയിലെ തളിക്കുളം എന്നീ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിലേക്കായി തളിക്കുളത്തും തിരുരങ്ങാടിയിലും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 'പൂര' പദ്ധതി നിർത്തലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly